| 6 | കെ കെ കുഞ്ഞിമോൻ | 107130100200 | കർഷകതൊഴിലാളി പെൻഷൻ | 19.10.2020 | 10/2021 17.2.2021 | സസ്പെൻഡ് | 11/20 - 12/20 | 1400 | 2800 | 12100 |
| | | | | | | | 1/21 - 3/21 | 1500 | 4500 | |
| | | | | | | | 4/21 - 6/21 | 1600 | 4800 | |
| 7 | നബീസു | 107130600679 | വിധവ പെൻഷൻ | 19.1.2021 | 5/2021 2.2.2021 | സസ്പെൻഡ് | 2/21 - 3/21 | 1500 | 3000 | 7800 |
| | | | | | | | 4/21 - 6/21 | 1600 | 4800 | |
| 8 | കല്യാണി | 107130600512 | വിധവ പെൻഷൻ | 15.1.2021 | 3/2021 21.1.2021 | സസ്പെൻഡ് | 2/21 - 3/21 | 1500 | 3000 | 17400 |
| | | | | | | | 4/21 - 12/21 | 1600 | 14400 | |
| 9 | മേരി | 107130100069 | കർഷകതൊഴിലാളി പെൻഷൻ | 6.2.2022 | 8/2022 24.2.2022 | ആക്ടീവ് | 3/22 - 9/22 | 1600 | 11200 | 11200 |
| 10 | കദീജ | 107130200695 | വാർദ്ധക്യകാല പെൻഷൻ | 12.3.2022 | 14/2022 25.3.2022 | സസ്പെൻഡ് | 4/22 | 1600 | 1600 | 1600 |
| 11 | ആമിനക്കുട്ടി | 107130200748 | വാർദ്ധക്യകാല പെൻഷൻ | 16.3.2022 | 16/2022 25.3.2022 | ആക്ടീവ് | 4/22 - 9/22 | 1600 | 9600 | 9600 |
| ആകെ അധികം നൽകിയ തുക | | | | | | | | | | 74100 |

3. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ ഒരുമനയൂർ പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാലയളവ് | തുക | ആകെ | |
| 3 | അബ്ദുൽ ഖാദർ | 222026020 | ക്ഷേമനിധി ബോർഡ് പെൻഷൻ, | 1.11.2021 | 83/2021 23.11.2021 | ആക്ടീവ് | Agriculture Office Orumanayur | 11/21 - 9/22 | 1600 | 17600 | 17600 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | | | | | | | | |

4. സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവരിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) തീ: 4.3.2021. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ മുഹമ്മദാലി എ സി (പെൻഷൻ ഐഡി: 107130400128) അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്. മേൽ കത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ശ്രീ മുഹമ്മദാലി എ സി എന്നവർ 51200/- രൂപ അനർഹമായി കൈപ്പറ്റിയിട്ടുണ്ടെന്നും തുക തിരിച്ചടവാക്കാൻ മുഹമ്മദാലി എ സി എന്നവർക്ക് കത്ത് നൽകുകയും ചെയ്തതായി ബോധ്യപ്പെട്ടു.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 11/12.12.22) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോകതാക്കളെ നീക്കം ചെയ്ത ഡാറ്റബേസ് കാലികമാക്കുന്നതാണെന്നും ക്രമ നമ്പർ 2,3,4 എന്നിവയിൽ പരാമർശിച്ചിട്ടുള്ള അധികമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും അനർഹമായി നൽകിയ 74100 /- രൂപ എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ചും ശ്രീ മുഹമ്മദാലി എ സി എന്നവരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കിയതിന്റെ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ഒരേ സമയം ഒന്നിലധികം രസീത് ബുക്കുകൾ ഇഷ്യൂ ചെയ്തു.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ , ലഭിച്ച രസീതി ബുക്കുകൾ പൂർണമായും ഉപയോഗിച്ച് തീരുകയും കൌണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്കുകൾ നൽകുവാൻ പാടുള്ളതല്ല. എന്നാൽ 6.12.2021 ന കൃഷി ഓഫീസർക്ക് 57478, 3931, 3932, 2933, 3934 എന്നീ രസീത് ബുക്കുകൾ ഒരുമിച്ച് ഇഷ്യൂ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 26/13.12.22) മറുപടി ലഭ്യമാക്കിയില്ല. രസീത് ബുക്ക് വിതരണവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 വ്യാപാരലൈസൻസ്- അപാകങ്ങൾ

ഡി & ഒ ലൈസൻസ് എന്നത് 31.10.17-ലെ സ.ഉ (സാധാ) നം. 80/2017/ത.സ്വ.ഭ.വ പ്രകാരം 'ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് പുനർനാമകരണം ചെയ്യപ്പെട്ടിട്ടുള്ളതാണ്. മേൽ പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് തുക, ലൈസൻസിന്റെ അപേക്ഷ മാതൃക എന്നിവ പുതുക്കേണ്ടതാണ്.

ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ്

വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്.

എന്നാൽ ഗ്രാമപഞ്ചായത്ത്, 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ് ഏത് മാനദണ്ഡപ്രകാരമാണ് ഈടാക്കിയത് എന്ന് വ്യക്തമല്ല. പല അപേക്ഷകളിലും മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 27/ തീയതി 13.12.2022) ക്ക് നിലവിൽ പുതുക്കിയ ചട്ടപ്രകാരമാണ് ലൈസൻസ് ഫീസ് പിരിച്ചെടുക്കുന്നത് എന്ന് മറുപടി നല്കിയിട്ടുണ്ട്.
പല ലൈസൻസ് അപേക്ഷകളിലും സെക്ഷൻ ക്ലർക്ക് അന്വേഷണ റിപ്പോർട്ട് എഴുതുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
ഉദാ:- ലൈസൻസ് രജിസ്റ്റർ ക്രമ നം. 79,108,110,115.
ലൈസൻസ് രജിസ്റ്റർ ക്രമ നം. 115- കുഞ്ഞിമുഹമ്മദ് എം.വി.യുടെ വുഡ്പാർക്ക് സോമിൽ എന്ന സ്ഥാപനത്തിന് License For Saw-mill And Wood Based Industries ലഭ്യമാക്കേണ്ടതാണ്.
2017 ലെ ഭേദഗതി ഉത്തരവ് പ്രകാരം എല്ലാ വിധ സംരംഭക, സേവന പ്രവർത്തനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നതാണ്, ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളടക്കമുള്ളവയെയും ഓഫീസ് മാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും (ഭേദഗതിക്ക് മുൻപ് ലൈസൻസ് എടുക്കാത്തവ) ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.
നിയന്ത്രണപരമായ അനിവാര്യ ചുമതല എന്നതിനോടൊപ്പം നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കപ്പെടുക എന്ന കാഴ്ചപ്പാടോടു കൂടിയാണ് 2017 ലെ ഭേദഗതി ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി സ.ഉ.(എം.എസ്)നം. 80/2017/തസ്വഭവ, തീ. 03.04.2017 മാർഗ്ഗരേഖയിലെ ഖ. 6.6 പ്രകാരം സംരംഭക ക്ലബ്ബ് രൂപീകരിക്കാവുന്നതും ഓരോ വാർഡിലും അതത് മെമ്പർമാരുടെ നേതൃത്വത്തിൽ സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കൂടുതൽ യുവാക്കളെ സംരംഭകമേഖലയിലേക്ക് ആകർഷിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതുമാണ്.

## 1-15 ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് രജിസ്റ്റർ /ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളിലായി 162 വ്യാപാര സ്ഥാപനങ്ങളാണ് ഉള്ളത്. എന്നാൽ 2021-22 വർഷത്തിൽ ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുള്ളത് 191 സ്ഥാപനങ്ങളാണ്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയതിലെ അപാകതകളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിടങ്ങളുടെ വിവരവും, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും, പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിക്കകത്തെ വ്യാപാര ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. തൊഴിൽനികുതിയും അടവാക്കിയിട്ടുണ്ടെന്ന് അപ്രകാരം തന്നെ ഉറപ്പ് വരുത്തേണ്ടതാണ്.
ഫെബ്രുവരി മാസത്തിലെ അവസാനത്തെ പ്രവൃത്തി ദിവസം, മുൻ വർഷം ലൈസൻസ് എടുത്തവരെല്ലാം പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നല്കേണ്ടതുമാണ്.

## 1-16 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കിയിട്ടില്ല

താഴെക്കൊടുത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനം ഈ സാമ്പത്തികവർഷത്തിൽ ലൈസൻസ് തുക പുതുക്കിയിട്ടില്ല.

ഹഫ്സ സെയ്താലിയുടെ കീക്കോട്ട് തങ്ങൾ മെമ്മോറിയൽ ആയുർവ്വേദ ഹോസ്പിറ്റൽ (I/189) എന്ന ആയുർവ്വേദ കിടത്തി ചികിത്സാകേന്ദ്രം പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.27/13.12.2022).

പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈസൻസ് പുതുക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 ലേലം -അപാകങ്ങൾ

2021-22 വർഷത്തിൽ നടന്നിട്ടുള്ള ലേലവിവരങ്ങൾ ചുവടെ ചേർക്കുന്നു.
Sale Of Usufructs Of Trees - 4000/-
Sale Of Sand - 87275/-
Sale Of Scrap - 700/-
ലേലരജിസ്റ്റർ ഹാജരാക്കിയെങ്കിലും ലേലനോട്ടീസ്, ലേലഡയറി മുതലായവ ലഭ്യമാക്കിയില്ല. ലേലത്തുകയുടെ കൂടെ ജി.എസ്.ടി. നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീതുവിവരങ്ങൾ അറിയിക്കേണ്ടതാണ്. ജി.എസ്.ടി. ഈടാക്കിയിട്ടുണ്ടെങ്കിൽ അത് കേന്ദ്ര സംസ്ഥാന സർക്കാരുകളിലേയ്ക്ക് അടവാക്കേണ്ടതാണ്. കരാർ ചുമയ്ക്കാത്ത പക്ഷം ആയത് വിശദീകരിക്കേണ്ടതും കുറവു വന്ന തുക ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.25/13.12.2022)

## 1-18 കെട്ടിട നിർമ്മാണ പെർമ്മിറ്റ് -കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കേണ്ടതാണ്

ഫയൽ നമ്പർ: A1-2718/ 27.12.2021

ശ്രീ. സലിം പി. കെ., പാറാട്ടുവീട്ടിൽ എന്നയാളുടെ 459.53 ച.മീ. വിസ്തീർണ്ണമുള്ള വാസയോഗ്യകെട്ടിടത്തിന് 3217/- രൂപ പെർമ്മിറ്റ് ഫീസ് ഈടാക്കിയിട്ടുണ്ട്. പെർമ്മിറ്റ് അനുവദിക്കുന്നതിന് മുൻപായുള്ള സ്ഥലപരിശോധനയിൽ 'പ്രവൃത്തി ആരംഭിച്ചതായി കാണാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കാവുന്നതാണ്'' എന്ന് 28.01.22 ൽ അസിസ്റ്റന്റ് എൻജിനീയർ, LSGD, ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപ്രകാരമൊരു തുക ഈടാക്കിയതായി രജിസ്റ്ററിൽ ഇല്ല. ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം23/13.12.2022) കൃത്യമായ മറുപടി ലഭ്യമാക്കിയില്ല.
കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കേണ്ടതാണ്.

## 1-19 പെർമിറ്റ് ഫീസ് തെറ്റായി കണക്കാക്കി

ഫയൽ നം. A1-129/12.1.2022
ശ്രീമതി ഖദീജ അബൂബക്കർ, വലിയകത്ത് എന്നവരുടെ 271.93 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന് പെർമ്മിറ്റ് നല്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു:
1781 ച.മീ. വിസ്തീർണ്ണമുള്ള ടിയാരിയുടെ പ്ലോട്ടിൽ NH അക്വിസിഷൻ നടന്നതിന്റെ ഭാഗമായി അവിടെയുണ്ടായിരുന്ന A1 ഒക്യുപ്പൻസിയിലുള്ള കെട്ടിടത്തിന്റെ (223/9) പുനരുദ്ധാരണത്തിനും കൂട്ടിച്ചേർക്കലിനുമായിട്ടാണ് ടിയാരി അപേക്ഷിച്ചിട്ടുള്ളത്. അവിടെ ഉണ്ടായിരുന്ന കെട്ടിടത്തിന്റെ കുറച്ചുഭാഗം (59.10 ച.മീ.) നിലനിർത്തിക്കൊണ്ട് 212.83 ച.മീ. വിസ്തീർണ്ണം കൂട്ടിച്ചേർത്താണ് നിർമ്മാണം. എന്നാൽ ടി പ്ലോട്ടിൽ നിന്നും, നിർദ്ദിഷ്ടകെട്ടിടത്തിൽ നിന്നും യഥാക്രമം 53 മീറ്റർ, 54 മീറ്റർ അകലെയായി CRZ III കാറ്റഗറിയിൽ വരുന്ന കണ്ടുകടവ് പുഴയാണ്. ടിയാരിയുടെ അപേക്ഷയിന്മേൽ KCZMA യുടെ അനുമതി ആവശ്യമാണ് എന്ന് 19.1.2022 ൽ AE, LSGD സെക്ഷനിൽ നിന്നും ഓവർസീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. KCZMA യുടെ അംഗീകാരം ലഭ്യമാക്കുന്നതിനായി 17.05.2022 ൽ എ1-129/2022 നമ്പറായി തൃശ്ശൂർ ജില്ലാ നഗരാസൂത്രകന് കത്ത് നല്കിയിട്ടുണ്ട്. എന്നാൽ അനുമതി ലഭിച്ചതായി ഫയലിലില്ല. പെർമ്മിറ്റ് അനുവദിച്ചതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. KCZMA യുടെ അനുമതി ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതാണ്.

പെർമ്മിറ്റ് ഫീസ് ആയി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് 312/- രൂപയാണ്. ആയത് തെറ്റാണ്. എത്ര രൂപയാണ് പെർമ്മിറ്റ് ഫീസ് വാങ്ങിയിട്ടുള്ളത് എന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 23/ 13.12.2022) നല്കിയെങ്കിലും മറുപടി ലഭ്യമായില്ല.
212.83 X 7 = 1490/- രൂപയാണ് യഥാർത്ഥ പെർമ്മിറ്റ് ഫീസ്. 1178/- രൂപ ശ്രീമതി ഖദീജ അബൂബക്കറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-20 വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ 1,2,12,13 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ച : മീ ) |
|---|---|---|---|---|
| 1 | 1/221 | അമ്മു | പാർപ്പിടം | 66 |
| 2 | 1/74 | സീനത്ത് | പാർപ്പിടം | 61.75 |
| 3 | 13/282 | ഐഷാബി | പാർപ്പിടം | 61.75 |
| 4 | 13/97 | സഫൂറ | പാർപ്പിടം | 63.75 |
| 5 | 2/100 | അബു | പാർപ്പിടം | 66.6 |

| | | | | |
|---|---|---|---|---|
| 6 | 2/32 | സുനിൽ | പാർപ്പിടം | 77 |
| 7 | 12/205 | സുഹറ | പാർപ്പിടം | 75 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 9/12.12.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകതകൾ സഞ്ചയ പ്യൂരിഫിക്കേഷൻ സാധ്യമാകുന്നതിനനുസൃതമായി പരിശോധിച്ച് ക്രമീകരിക്കുന്നതും കാലികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 നികുതി ഡിമാന്റ് ചെയ്യാതെ കെട്ടിടത്തിന്റെ വസ്തു നികുതി പിരിച്ചെടുത്തു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് എന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം വ്യക്താമാക്കിയിട്ടുണ്ട്. സഞ്ചയ സഞ്ചയ സോഫ്റ്റ്‌വെയറിൽ 1, 2, 12, 13 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്(ഡിമാന്റ് തുക 0). ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ച : മീ ) | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 1/221 | അമ്മു | പാർപ്പിടം | 66 | 832 |
| 2 | 1/74 | സീനത്ത് | പാർപ്പിടം | 61.75 | 1950 |
| 3 | 13/282 | ഐഷാബി | പാർപ്പിടം | 61.75 | 274 |
| 4 | 13/97 | സഫൂറ | പാർപ്പിടം | 63.75 | 808 |
| 6 | 2/32 | സുനിൽ | പാർപ്പിടം | 77 | 390 |
| | 12/205 | സുഹറ | പാർപ്പിടം | 75 | 948 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 9/12.12.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകതകൾ സഞ്ചയ പ്യൂരിഫിക്കേഷൻ സാധ്യമാകുന്നതിനനുസൃതമായി പരിശോധിച്ച് ക്രമീകരിക്കുന്നതും കാലികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22 സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയിയായായിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 3 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|
| 1 | 6/6 | ഓപ്പറേറ്റർ ഡാറ്റ എൻട്രി തുടങ്ങി |
| 2 | 7/7 | ഓപ്പറേറ്റർ ഡാറ്റ എൻട്രി തുടങ്ങി |
| 3 | 10/77 | ഓപ്പറേറ്റർ ഡാറ്റ എൻട്രി തുടങ്ങി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 9/12.12.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകതകൾ സഞ്ചയ പ്യൂരിഫിക്കേഷൻ സാധ്യമാകുന്നതിനനുസൃതമായി പരിശോധിച്ച് ക്രമീകരിക്കുന്നതും കാലികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം വസ്തു നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം ഫാറം 4 പ്രകാരമുള്ള നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയ

അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ 1, 7, 12 എന്നീ വാർഡുകളിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളുലെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പടുത്തിയിട്ടില്ല.

| Ward 1 | | | Ward 7 | | | Ward 12 | | |
|---|---|---|---|---|---|---|---|---|
| Missing From | Missing To | Missing Total | Missing From | Missing To | Missing Total | Missing From | Missing To | Missing Total |
| 171 | 171 | 1 | 233 | 267 | 35 | 280 | 280 | 1 |
| 235 | 235 | 1 | Total | | 35 | Total | | 1 |
| Total | | 2 | | | | | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 9/12.12.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകതകൾ സഞ്ചയ പ്യൂരിഫിക്കേഷൻ സാധ്യമാകുന്നതിനനുസൃതമായി പരിശോധിച്ച് ക്രമീകരിക്കുന്നതും കാലികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 60 ച.മീ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ.

1. ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. (1,3,4,5,7,8,9,12,13 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ നിന്നുള്ളത്)

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 1/225<br>1/226<br>1/227 | മുഹമ്മദ് മുജാഹിർ,<br>അറക്കൽ |
| 2 | 3/117<br>3/120 | കുമാരി ,<br>കൊല്ലങ്കി ,<br>ഒരുമനയൂർ |
| 3 | 4/213<br>4/213 A | ജമീല,<br>കോലംപറമ്പിൽ |
| 4 | 4/237<br>4/235 | ഫാത്തിമ,<br>കറപ്പംവീട്ടിൽ |
| 5 | 4/90,91,92,93,94,95,<br>96,97,98,99,100,101,102 | പ്രസിഡന്റ്,<br>ഷെയ്ഖ് ഖലീഫ<br>കോളനി ട്രസ്റ്റ് |
| 6 | 5/18<br>5/19<br>5/20 | സലിം,സഫിയ,ഹനീഫ,<br>സുബൈദ മുതൽപേർ |
| 7 | 7/187,188,190,192,193,194,<br>195,196,197,198,199,201 | പി പി അഹമ്മദുണ്ണി<br>ഖലീഫ കോളനി |
| 8 | 8/155<br>8/163 | വള്ളിയമ്മ ,<br>കുറുപ്പേരി |
| 9 | 9/3<br>9/4 | ശങ്കരൻ, ഇനംപുറത്തു |

| | | |
|---|---|---|
| 10 | 12/158<br>12/159 | കബ്ര,<br>മമ്മസ്രായില്ലത്ത് |
| 11 | 13/141<br>13/142<br>13/143 | നസീമ,<br>പുതുവീട്ടിൽ |
| 12 | 13/146<br>13/147 | പത്തുമ്മു,കുഞ്ഞിപാത്തുണ്ണി<br>.<br>പുതിയവീട്ടിൽ |

2. ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതലാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്വെയറിൽ 3,4 വാർഡുകൾ മാത്രം പരിശോധിച്ചതിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 3/117 | കുമാരി , കൊല്ലങ്കി , ഒരുമനയൂർ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 3/120 | കുമാരി , കൊല്ലങ്കി , ഒരുമനയൂർ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 4/237 | ഫാത്തിമ, കറപ്പംവീട്ടിൽ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 4/235 | ഫാത്തിമ, കറപ്പംവീട്ടിൽ | 2013ഒന്നാം അർദ്ധ വർഷം മുതൽ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/12.12.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകതകൾ സഞ്ചയ പ്യൂരിഫിക്കേഷൻ സാധ്യമാകുന്നതിനനുസൃതമായി പരിശോധിച്ച് ക്രമീകരിക്കുന്നതും കാലികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 റദ്ദാക്കിയ സംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല.

സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമ | റസീറ്റ് നമ്പർ/തീയതി | തുക | കളക്ഷൻ വർഷം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 9/205 | ഫിറോസ്, പുതിയവീട്ടിൽകാരയിൽ, ഒരുമനയൂർ,680512, | 121080101257 / 16.11.2021 | 170 | 2021 | സഞ്ചയ പ്രകാരം നികുതി കുടിശ്ശിക ഇല്ല.എന്നാൽ 2021-22 വർഷത്തിൽ ക്യാൻസൽ ചെയ്ത രസീത് മുഖേന തവണ നികുതി അടവാക്കിയതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/12.12.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകതകൾ

സഞ്ചയ പ്യൂരിഫിക്കേഷൻ സാധ്യമാകുന്നതിനനുസൃതമായി പരിശോധിച്ച് ക്രമീകരിക്കുന്നതും കാലികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഇതു പഞ്ചായത്തിന് ലഭിക്കാത്ത വരുമാനം ലഭിച്ചതായി രേഖപ്പെടുത്തൽ വരാൻ കാരണമാകുന്നു. റദ്ദാക്കിയ സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്ന് നീക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത രസീത് മുഖേനയുള്ള വരുമാനം പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെന്ന ഉറപ്പ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല.

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | സജീന (അസി.ടീച്ചർ) | സെന്റ്.ഫ്രാൻസിസ് സ്കൂൾ ,പാലയൂർ | ഒന്നാം അർദ്ധവർഷം | 92090 | 750 | 600 | 150 |
| 2 | ആര്യ കെ പി (അസി.ബ്രാഞ്ച് ഹെഡ്) | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് ,മുത്തൻമ്മാവ് | രണ്ടാം അർദ്ധവർഷം | 97164 | 750 | 600 | 150 |
| 3 | ആതിര ടി വി (ഹൗസ് കീപ്പിംഗ് അസി) | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് ,മുത്തൻമ്മാവ് | രണ്ടാം അർദ്ധവർഷം | 96030 | 750 | 600 | 150 |
| | ആകെ | | | | | | 450 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 10/12.12.22) മറുപടി ലഭ്യമാക്കിയില്ല.കുറവായി ഈടാക്കിയ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 തൊഴിൽ നികുതി-മറ്റു അപാകങ്ങൾ.

തൊഴിൽ നികുതി സംബന്ധിച്ചുള്ള മറ്റു അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം ബി.എസ്.എൻ.എൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
2. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2021-22 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.
3. 2021-22 വർഷത്തെ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 10/12.12.22) മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ സ്ഥാപങ്ങളിൽ / വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 നാഷണൽ ഹൈവേ വികസനം-പഞ്ചായത്ത് വക റോഡ് ഭാഗങ്ങൾ, ആസ്തികൾ എന്നിവ നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ്

നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ഇപ്പോൾ ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ ആയത് കടന്നുപോകുന്ന ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരികയാണ്. ആയതിന്റെ ഭാഗമായി ഒരുമനയൂർ ഗ്രാമപഞ്ചായത്തിലും പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. പല റോഡ് ഭാഗങ്ങളിലൂടെയും പുതിയ നാഷണൽ ഹൈവേ 66 കടന്നുപോകുന്നുണ്ട്. ആയതിന്റെ ഭാഗമായി താഴെ സൂചിപ്പിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം

19/13-12-22) നൽകിയിട്ടുണ്ട്.

1. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന നാഷണൽ ഹൈവേ 66 ഗ്രാമപഞ്ചായത്തിന്റെ ഏതെല്ലാം റോഡ് ഭാഗങ്ങളിലൂടെയാണ്/റോഡിലൂടെയാണ് കടന്നുപോകുന്നത് ? ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഏതെങ്കിലും ആസ്തി ഈ ഹൈവേ കടന്നു പോകാനിരിക്കുന്ന ഭാഗത്ത് സ്ഥിതി ചെയ്യുന്നുണ്ടോ?

2. ഗ്രാമപഞ്ചായത്തിന്റെ വക ആസ്തിയായിട്ടുള്ള റോഡ്/ റോഡ് ഭാഗങ്ങൾ/ഭൂമി / കെട്ടിടങ്ങൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റിയുമായി എന്തെങ്കിലും കത്തിടപാടുകൾ, ഉടമ്പടികൾ, ധാരണകൾ നടത്തിയിട്ടുണ്ടോ?

3. ഇതുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റി ഗ്രാമപഞ്ചായത്തുമായി എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ?

4. ഗ്രാമപഞ്ചായത്തിന്റെ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും ആസ്തികൾ നാഷണൽ ഹൈവേ അതോറിറ്റി നീക്കം ചെയ്തിട്ടുണ്ടോ?

5. നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വക ആസ്തി നാഷണൽ ഹൈവേക്ക് കൈമാറുന്നത് സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ?

6. സർക്കാരിൽനിന്നും ഇത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ടോ ?

7. നഷ്ടപരിഹാരം ലഭിക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ/സർക്കാരിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടായിട്ടുണ്ടോ?

8. വസ്തു ഏറ്റെടുക്കുന്നത് സംബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റി അധികാരികളുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ?

മേൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി. എൻജിനീയർ എന്നിവർക്ക് നൽകുകയുണ്ടായി.

പഞ്ചായത്തിന്റെ നിലവിലുള്ള NH-66 ന്റെ ഇരുവശങ്ങളിലൂടെയാണ് പുതിയ NH വികസനം നടത്തിക്കൊണ്ടിരിക്കുന്നതെന്നും

പഞ്ചായത്തിന്റെ കോമ്പൗണ്ട് മതിൽ ചെറിയ ഭാഗം, പഞ്ചായത്ത് ശ്മശാനത്തിന്റെ ഭൂമി, ഹെൽത്ത് സബ്സെന്റർ മാങ്ങോട്ടുപടി, അമഗൻവാടി കെട്ടിടം – വാർഡ് IX, പതിനാല് വിവിധ റോഡുകൾ എന്നീ ആസ്തികൾ ഈ ഹൈവേ കടന്നു പോകുന്ന ഭാഗത്ത് സ്ഥിതി ചെയ്യുന്നുണ്ട് എന്നും ക്രമ നം. 1 അന്വേഷണത്തിന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. തുടർന്ന് വരുന്ന എല്ലാ അന്വേഷണങ്ങൾക്കും 'ഉണ്ട്' എന്ന മറുപടി മാത്രമാണ് സെക്രട്ടറി നല്കിയിട്ടുള്ളത്. ആയതിനെ സാധൂകരിക്കുന്ന രേഖകളൊന്നും ഹാജരാക്കിയില്ല.

2005-ലെ കേരളാ പഞ്ചായത്തുരാജ് ചട്ടങ്ങൾ പ്രകാരമുള്ള വസ്തു ആർജിക്കലും കൈയൊഴിയലും ചട്ടങ്ങളിലെ അദ്ധ്യായം 2 (വസ്തു കൈയൊഴിയൽ) ചട്ടം 6 അനുസരിച്ച് പഞ്ചായത്തിന്റെ സ്വന്തമായിട്ടുള്ള വസ്തുക്കൾ വില്പന വഴി കൈമാറ്റം ചെയ്യുവാനാണ് സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെ വ്യവസ്ഥയുള്ളത്. ആസ്തികൾ മറ്റ് തരത്തിൽ കൈമാറ്റം ചെയ്യുവാൻ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

നാഷണൽ ഹൈവേ അക്വിസിഷനുമായി ബന്ധപ്പെട്ട് ഭൂമി കൈയൊഴിയുന്ന സ്വകാര്യ വ്യക്തികൾക്ക് ഗവ. ഏജൻസിയായ നാഷണൽ ഹൈവേ അതോറിറ്റി നഷ്ടപരിഹാരത്തുക നൽകിവരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുൾപ്പെട്ട റോഡ് ഭാഗങ്ങൾ ഉൾപ്പെടെയുള്ള ആസ്തികൾ നാഷണൽ ഹൈവേ അതോറിറ്റി വികസനത്തിനായി ഏറ്റെടുക്കുമ്പോൾ സ്വാഭാവികമായും ആയതിന്റെ മൂല്യശോഷണം സംഭവിക്കുന്നതാകയാൽ, ന്യായമായും ആയതിന്റെ നഷ്ടപരിഹാരം ലഭിക്കേണ്ടതുതന്നെയാണ്. ആയതിനാൽ ഇക്കാര്യം എത്രയും വേഗം ഭരണവകുപ്പിന്റെയും നാഷണൽ ഹൈവേ അതോറിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തി സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 മരുന്നുകൾ നാളിതു വരെ ലഭ്യമായില്ല.

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, പിഎച്ച് സി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയതിൽ നാളിതുവരെ മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം / പേര് | പ്രോഫോർമ ഇൻവോയ്സ് | ബിൽ നം /ചെക്ക് നം/വൗച്ചർ നം | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 53/22 | PRF 2835/ | 22/21-22/ | 106630 | നാളിതുവരെ |

| | | | | | |
|---|---|---|---|---|---|
| | പി എച്ച് സി മരുന്ന് വാങ്ങൽ | 22.10.2021 | 10.11.2021<br>Vr. 22100884/ 5.11.2021 | | മരുന്ന ലഭ്യമായിട്ടില്ല |
| 2 | 33/22 പാലിയേറ്റിവ് കെയർ | PRF 5854/ 18.2.2022 | 35/21-22/ 19.3.2022<br>Vr. 22101001/ 17.3.2022 | 64543 | നാളിതുവരെ മരുന്ന ലഭ്യമായിട്ടില്ല |

മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 12/12.12.22) ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു -71904/- രൂപ തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ
പ്രോജക്ട് – 160/22 -കൃഷി ഭവനിലേക്ക് പ്രൊജക്ടർ, സ്ക്രീൻ മുതലായ അനുബന്ധസാധനങ്ങൾ വാങ്ങൽ

അടങ്കൽ : 100000/-
ചെലവ് : 71904/-
ബിൽ നം - 17/26.3.22

കേരള SIDCO യിൽ നിന്ന് LCD പ്രൊജക്ടർ, പ്രൊജക്ടർ സ്ക്രീൻ എന്നിവ 71904/- രൂപയ്ക്ക് കൃഷി ഭവനിലേക്ക് വാങ്ങിയിട്ടുണ്ട്. (ഇൻവോയിസ് നം. OLR/21-22/335/തീ. 24.03.2022). ഒരുമനയൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. 1/21 തീ.20.01.2022 പ്രകാരം പഞ്ചായത്തിലെയും കൃഷിഭവനിലേയും ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. സ.ഉ.(കൈ)നം.22/2018/തസ്വഭവ/തീ.14.02.2018 പ്രകാരം കാർഷികമേഖലയിൽ ഇത്തരത്തിൽ ഒരു പ്രൊജക്റ്റ് നടപ്പിലാക്കുന്നതിന് അനുമതിയില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി LCD പ്രൊജക്ടർ വാങ്ങിയതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/ 09.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവായതിനാൽ 71904/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 വെറ്ററിനറി സർജൻ - പദ്ധതികളിലെ അപാകങ്ങൾ

1) 159/22 – വെറ്ററിനറി ഡിസ്പെൻസറിക്ക് കമ്പ്യൂട്ടർ അനുബന്ധസാമഗ്രികൾ, റഫ്രിജറേറ്റർ എന്നിവ വാങ്ങൽ
അടങ്കൽ : 68600/-
ചെലവ് : 68600/-
ബിൽ നം. 20/തീ.22.3.2022

മേൽ പ്രൊജക്റ്റ് പ്രകാരം വെറ്ററിനറി ഡിസ്പെൻസറിക്ക് CQube Sustems, ചാവക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് കമ്പ്യൂട്ടർ, UPS, പ്രിന്റർ എന്നിവ 49900/- രൂപയ്ക്കും പോപ്പുലർ ഹോം അപ്ലയൻസിസ്, ചാവക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് റഫ്രിജറേറ്റർ മുതലായവ 18700/- രൂപയ്ക്കും വാങ്ങിയിട്ടുണ്ട്. ക്വട്ടേഷൻ മുഖേനയാണ് ടി സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുള്ളത്.
CPRCS, GeM, കെൽട്രോൺ എന്നിവിടങ്ങളിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമല്ലാത്തതിനാലാണ് ക്വട്ടേഷൻ നടപടികളിലേക്ക് പ്രവേശിച്ചിട്ടുള്ളത് എന്ന് ഭരണസമിതി തീരുമാനത്തിൽ (നം.1/8 തീ. 18.03.2022) രേഖപ്പെടുത്തിയിട്ടുണ്ട്.

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് പ്രൊക്യുർമെന്റ് സംവിധാനത്തിലൂടെ മാത്രമേ വാങ്ങാൻ പാടുള്ളൂ എന്നും CPRCS പോർട്ടലിൽ നിന്നും ലഭ്യമായവ വാങ്ങുന്നതിന് മറ്റ് വാങ്ങൽ രീതികൾ അനുവദിക്കുന്നതല്ല എന്നും ഐ.ടി. വകുപ്പിന്റെ നിർദ്ദേശമുണ്ട് (സർക്കുലർ നമ്പർ ഐ ടി സെൽ -1/26/2019/വി.സ.വ. തീ 18.03.2019). CPRCS, GeM, കെൽട്രോൺ എന്നിവിടങ്ങളിൽ നിന്നും ഉപകരണങ്ങൾ ലഭ്യമല്ലെന്ന് രേഖാമൂലം അറിയിപ്പ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം.2/7.12.2022) അപ്രകാരമൊന്ന് ഹാജരാക്കിയില്ല. ഐ.ടി.ഉപകരണങ്ങൾ വാങ്ങുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) 19/22 – സുഭിക്ഷ കേരളം – മുട്ടക്കോഴി വളർത്തൽ – വനിത
അടങ്കൽ- 96000/-
ചെലവ് – 96000/-
ബിൽ നം. 13/തീ.26.2.2022 -13200/-, ബിൽ നം.21/തീ.22-2-2022 -9300/- , ബിൽ നം.1/തീ.14.01.2022 -25500/-
ഗുണഭോക്തൃവിഹിതം – 48000/-

മേൽ പദ്ധതി പ്രകാരം മുട്ടക്കോഴിയെ കൈപ്പറ്റിയ ഗുണഭോക്താവായ ഷംസിയ നിസാമുദ്ധീൻ, ഏറച്ചംവീട്ടിൽ, എന്ന് വ്യക്തി തിരിച്ചറിയൽ രേഖകൾ പ്രകാരം വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടതായി കാണുന്നു. ടിയാരി ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട വ്യക്തിയാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും (ഓഡിറ്റ് എൻക്വയറി നം.2/7.12.2022) ആയത് ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളുടെ അർഹത നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-32 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം, രശീതി എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം /പദ്ധതിയുടെ വിവരം | തുക കൈമാറിയ സ്ഥാപനം | ബിൽ നം/ വൗച്ചർ നം /തിയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 6/22 ക്യാൻ തൃശ്ശൂർ- ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ | ജില്ലാ പഞ്ചായത്ത് | 22100927/10.1.22 | 50000 | - |
| 2/22 ഐ കെ എം വിഹിതം നൽകൽ | ഐ കെ എം | 22100901/27.11.21 | 37441 | - |
| 3/22 എസ് എസ് എ വിഹിതം നൽകൽ | ജില്ലാ പ്രോജക്ട് കോർഡിനേറ്റർ , എസ് എസ് കെ | 22100863/8.9.21 | 50000 | |
| 71/22 എസ് എസ് എ വിഹിതം അടവാക്കൽ- എസ് സി | ജില്ലാ പ്രോജക്ട് കോർഡിനേറ്റർ , എസ് എസ് കെ | 22100861/8.9.21 | 50000 | |
| 98/22 37ാം നമ്പർ അംഗൻവാടിക്ക് മുകളിലുള്ള വൈദ്യുതി ലൈൻ കേബിളാക്കൽ | കെ എസ് ഇ ബി | 22100910/15.12.21 | 21835 | |
| 1 53/22 വിവിധ വാർഡുകളിൽ | കെ എസ് ഇ ബി | 22101067/30.3.22 | 97827 | |

| | | | | |
|---|---|---|---|---|
| സ്ട്രീറ്റ് മെയിൻ വലിക്കൽ | | | | |

വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം, രശീതി എന്നിവ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് ( ഓഡിറ്റ് എൻക്വയറി നം -3/7.12.22)

## 1-33 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - ലാപ്ടോപ്പ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ - സെക്രട്ടറി

പ്രോജക്ട് നം - 49/22

വൗച്ചർ നം - 22101004/17.3.22 തുക – 219905

22101044/27.3.22 തുക – 87962

പദ്ധതിയിൽ 43981 രൂപ വിലവരുന്ന 7 ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനാണ് കെൽട്രോണിന് തുക കൈമാറിയിരിക്കുന്നത്. ഐ കെ എം സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പുകൾ ടെണ്ടർ വഴി വാങ്ങുന്നതിന് 27.11.21 ൽ 1/23ാം നമ്പറായി കമ്മിറ്റി തീരുമാനമെടുത്ത് ടെണ്ടർ ക്ഷണിച്ചെങ്കിലും ടെണ്ടറിൽ ആരും തന്നെ പങ്കെടുത്തില്ല. പിന്നീട് കോ ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനാനുസൃതമായി വാങ്ങുന്നതിനും തീരുമാനമെടുത്തു കാണുന്നു. ( തീരുമാനം - 20.1.22 ലെ 1/16)

പഞ്ചായത്ത് ഡയറക്ടറുടെ 26.2.22ലെ PAN *20909*2018-JI(DP) കത്ത് പ്രകാരം കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിലെ ( 10.2.22ലെ 2.4 ഖണ്ഡിക 4.69, 3.7 തീരുമാനങ്ങൾ) സ്പെസിഫിക്കേഷൻ പ്രകാരം ജെം പോർട്ടൽ മുഖേന വാങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ നിർദ്ദേശം പാലിക്കാതെ കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങിയതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/12.12.22)ജെം പോർട്ടൽ മുഖേന നിയമാനുസൃത നടപടി സ്വീകരിച്ചുവെങ്കിലും സംസ്ഥാനത്തെ മിക്ക സ്ഥാപനങ്ങളും ഇത്തരത്തിലുള്ള നടപടി സ്വീകരിച്ചതിനാലും സാങ്കേതിക പ്രശ്നം കണക്കിലെടുത്തുമാണ് കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. മേൽ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2. കോ ഓർഡിനേഷൻ കമ്മിറ്റി സ്പെസിഫിക്കേഷൻ പ്രകാരം Memory – 4GB DDR4 RAM Expandable Up To Atleast 16 GB എന്നാണ് എന്നാൽ കെൽട്രോൺ വിതരണം ചെയ്ത പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ Memory – 4GB DDR4 RAM Expandable Up To Atleast 8 GB ആണ്.

3. 7 ലാപ്ടോപ്പുകൾക്കുള്ള തുക കൈമാറിയെങ്കിലും നാളിതുവരെ 6 എണ്ണം മാത്രമാണ് സ്ഥാപനം വിതരണം നടത്തിയിരിക്കുന്നത്.

സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതും , ലാപ്ടോപ്പ് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-34 പഞ്ചായത്ത് ഓഫീസ് - കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ – സെക്രട്ടറി

പ്രോജക്ട് നം - 13/22

വൗച്ചർ നം - 22100876/11.10.21 തുക – 19865

22100916/21.12.21 തുക – 59133

22101011/19.3.22 തുക – 21002

പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപണി നടത്തിയ വകയിൽ CQUBE Systems എന്ന സ്ഥാപനത്തിനാണ് മേൽ പ്രകാരം തുക അനുവദിച്ചിരിക്കുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി പ്രകാരം 100000 രൂപയുടെ അറ്റകുറ്റപണികളാണ് നടത്തിയിരിക്കുന്നത്. മേൽ സ്ഥാപനത്തിന്റെ ഇൻവോയ്സ് മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്.

2.പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനായി സ്ഥാപനത്തെ തിരഞ്ഞെടുത്തത് ഏത് രീതിയിലാണെന്ന് വ്യക്തമല്ല.

3.ക്വട്ടേഷൻ /ടെണ്ടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

4.സ്ഥാപനത്തെ തിരഞ്ഞെടുത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനമില്ല.

5.സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയതായി കാണുന്നില്ല.

6. ഏതെല്ലാം പ്രവൃത്തികളാണ് സ്ഥാപനത്തിനെ ഏൽപ്പിച്ച് നൽകിയത് എന്ന് വ്യക്തമല്ല.എത്ര കമ്പ്യൂട്ടറുകൾക്കാണ് എന്നും വ്യക്തമല്ല.

7.കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നിരിക്കെ അത്തരത്തിൽ ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതും , കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-35 വെള്ളക്കരം അടവാക്കൽ - പഞ്ചായത്ത് കൃത്യമായ കണക്കുകളും രേഖകളും സൂക്ഷിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ - സെക്രട്ടറി

പ്രോജക്ട് നം - 4/22

വൗച്ചർ നം -22100909/13.12.21 തുക 350000

വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ തുക അടവാക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് . 168 ടാപ്പുകൾക്കാണ് പഞ്ചായത്തിൽ വെള്ളക്കരം അടവാക്കി വരുന്നത്. താഴെപ്പറയുന്ന ബില്ലുകൾ പ്രകാരമുള്ള അതാത് മാസങ്ങളിലെ തുകയാണ് അടവാക്കിയിരിക്കുന്നത്

| മാസം | ബിൽ നം /തിയതി | തുക |
